ഭരണഭാഷ മാതൃഭാഷ

NO TO DRUGS

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം.
ജഗതി തിരുവനന്തപുരം
ഇ-മെയിൽ- jdacad@gmail.com
ഫോൺ: 0471-2580738

നമ്പർ:HSE/21055/2024-ACD SPL4 തീയതി:06-12-2024

## സർക്കുലർ

വിഷയം : പൊ.വി.വ-ഹ.സെ.വി- മനുഷ്യാവകാശ ദിനം- വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മനുഷ്യാവകാശ പ്രതിജ്ഞയെടുക്കുന്നതിനുള്ള നിർദേശം നൽകുന്നത് സംബ:

സൂചന : പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 04.12.2024 തീയതിയിലെ സിഡിഎൻ.4/143/2024/പൊഭവ നമ്പർ സർക്കുലർ.

എല്ലാ വർഷവും ഡിസംബർ 10 മനുഷ്യാവകാശ ദിനമായി ആചരിച്ചു വരുന്നു,സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ മനുഷ്യാവകാശ നിയമത്തെ പ്രചരിപ്പിക്കുന്നതിനും,അവബോധം വർദ്ധിപ്പിക്കുന്നതിനുമായി എല്ലാ സർക്കാർ വകുപ്പുകൾ,വിദ്യാഭ്യാസ സ്ഥാപനങ്ങൾ എയ്ഡഡ് സ്ഥാപനങ്ങൾ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ,മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഈ വർഷവും എല്ലാ സർക്കാർ ജീവനക്കാരും മനുഷ്യാവകാശ പ്രതിജ്ഞയെടുത്തുകൊണ്ട് മനുഷ്യാവകാശ ദിനം ആചരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ മനുഷ്യാവകാശദിനത്തോടനുബന്ധിച്ച്

**2024 ഡിസംബർ 10 ന്** രാവിലെ **11.00 മണിയ്ക്ക് അന്നേ ദിവസത്തെ അസംബ്ലി സെഷനിൽ** മനുഷ്യാവകാശ പ്രതിജ്ഞ എടുക്കേണ്ടതാണ് എന്ന് നിർദേശിക്കുന്നു.
പ്രതിജ്ഞ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു

Signed by
Shajitha S
Date: 06-12-2024 18:12:29

**ജോയിന്റ് ഡയറക്ടർ (അക്കാദമിക്)**

**<u>പകർപ്പ്:</u>**
ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്ക്

## <u>മനുഷ്യാവകാശ പ്രതിജ്ഞ</u>

ഞാൻ ഭാരതത്തിന്റെ ഭരണഘടനയിലും ഭാരതത്തിൽ നടപ്പിലാക്കാവുന്ന അന്താരാഷ്ട്ര ഉടമ്പടികളിലൂടെയും സംരക്ഷിക്കപ്പെട്ടിട്ടുള്ള മനുഷ്യാവകാശങ്ങളോട്, നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും, ഈ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി എന്റെ കർത്തവ്യം നിറവേറ്റുമെന്നും എല്ലാവരുടെയും മനുഷ്യാവകാശത്തെയും ആത്മാഭിമാനത്തെയും യാതൊരു വിവേചനവും കൂടാതെ ബഹുമാനിക്കുമെന്നും മറ്റുള്ളവരുടെ മനുഷ്യാവകാശത്തെ നേരിട്ടോ അല്ലാതെയോ പ്രവൃത്തി കൊണ്ടോ, വാക്കു കൊണ്ടോ, എൻ്റെ ചിന്തയിലൂടെയോ ഹനിക്കുകയില്ലെന്നും, മനുഷ്യാവകാശങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി സദാ പ്രതിബദ്ധതയുള്ളവനായിരിക്കുമെന്നും സഗൗരവം പ്രതിജ്ഞ ചെയ്യുന്നു.